ഐ.ജി. ആഫീസിലെ വാഹനങ്ങൾ

1395 [2254] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ജി. ഓഫ് പോലീസ് ഓഫീസിൽ ഇപ്പോൾ വിവിധ ഇനങ്ങളിൽപെട്ട എത്ര വാഹനങ്ങൾ ഉണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഈ വാഹനങ്ങൾക്കെല്ലാംകൂടി ഒരു ദിവസം ഇന്ധനം ഇനത്തിൽ എത്ര രൂപ ചെലവാകുന്നുണ്ടെന്നു വ്യക്തമാക്കാമോ;

(സി) ഈ വാഹനങ്ങൾ ഈ ആഫീസിലെ ഉദ്യോഗസ്ഥൻ മാരുടെ തികച്ചും വ്യക്തിപരമായ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വാഹനങ്ങളുടെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 15 (പതിനഞ്ച്)

അമ്പാസിഡർ കാർ	4
ജീപ്പ്	2
വിദേശ നിർമ്മിത കാറുകൾ	3
അമ്പാസിഡർ സ്റ്റേഷൻ വാഗൺ	2
ബഡ് ഫോർഡ് ലോറി	1
മോട്ടോർ സൈക്കിൾ	3
	15

(ബി) ഒരു ദിവസം ഇന്ധനം ഇനത്തിൽ സുമാർ 382 രൂപ ചെലവാകുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഈ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് വേണ്ടത്ര നിയന്ത്രണങ്ങൾ ഇപ്പോൾ നിലവിലുണ്ട്.

ഹരിജനങ്ങളുടെ പെറ്റീഷൻ

1396 [2255] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ 1977 നു ശേഷം വിവിധ പോലീസ് സ്റ്റേഷനുകളിലായി ഹരിജനങ്ങളുടെ എത്ര പെറ്റീഷനുകൾ ലഭിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്ര എണ്ണം ചാർജ് ചെയ്തു;

(സി) അതിൽ എത്ര എണ്ണത്തിൽ പ്രതികളെ ശിക്ഷിച്ചു?

LIBRARY ARCHIVES Kerala Legislative Assembly